പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 4390 — 4.2.2014 ലെ മറുപടിയ്ക്ക്

## അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്കുള്ള വേതനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്താകെ എത്ര എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; എൽ.പി./യു.പി /ഹൈസ്കൂൾ/ഹയർ സെക്കണ്ടറി തലം തിരിച്ചുള്ള കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്താകെ എൽ.പി./യു.പി/ഹൈസ്കൂൾ തലം വരെ ആകെ 7157 എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. ഹയർസെക്കന്ററിതലത്തിലുള്ള സ്കൂളുകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | എല്ലാ വിദ്യാലയങ്ങളിലും കൂടി എത്ര അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നുണ്ട്; അനദ്ധ്യാപക ജീവനക്കാർ എത്ര; | (ബി) | എൽ.പി/യു.പി/ഹൈസ്കൂൾതലം വരെയുള്ള എല്ലാ വിദ്യാലയങ്ങളിലും കൂടി ആകെ 1,01,143 അദ്ധ്യാപകരും 7899 അനദ്ധ്യാപകരും ജോലി ചെയ്തുവരുന്നു. ഹയർ സെക്കന്ററി തലത്തിലുള്ള വിദ്യാലയങ്ങളിലെ ജീവനക്കാരുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്. |
| (സി) | എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിൽ വേതനം നൽകുന്നതിന് സർക്കാരിന് പ്രതിവർഷം എന്തു തുക ചിലവഴിക്കേണ്ടി വരുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (സി) | എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിൽ വേതനം നൽകുന്നതിന് സർക്കാരിന് 2012-13 സാമ്പത്തിക വർഷം ഏകദേശം 3567.86 കോടി രൂപ ചെലവ് വന്നിട്ടുണ്ട്. ഇതിൽ 2218.95 കോടി രൂപ എയ്ഡഡ് പ്രൈമറി സ്കൂളുകളിലും, 1326.88 കോടി രൂപ എയ്ഡഡ് സെക്കന്ററി സ്കൂളുകളിലും, 6.27 കോടി രൂപ എയ്ഡഡ് ആംഗ്ലോ ഇൻഡ്യൻ സ്കൂളുകളിലും 15.76 കോടി രൂപ സർക്കാരിതര സ്പെഷ്യൽ |

| | | | |
|---|---|---|---|
| | | | സ്കൂളുകളിലും വേതന ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി തലത്തിലുള്ള വിദ്യാലയങ്ങളിലെ വേതനം നൽകുന്നതിന് ചെലവാകുന്ന തുക സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്. |
| (ഡി) | ഫിക്സേഷന്റെ ഫലമായി തസ്തിക നഷ്ടപ്പെട്ട എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ടോ; ഇങ്ങനെ നടന്ന നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (ഡി) | 2010-11 വർഷം മുൻപുള്ള തസ്തിക നിർണ്ണയത്തിന്റെ ഫലമായി തസ്തിക നഷ്ടമായ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ പുനർവിന്യസിച്ചിരുന്നു. ഇവരെയെല്ലാം മാതൃ വിദ്യാലയങ്ങളിലേക്ക് തിരിച്ചയയ്ക്കാനും ഒഴിവുകൾ ഉണ്ടെങ്കിൽ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2010-11 ന് ശേഷം തസ്തിക നിർണ്ണയം നടത്തിയിട്ടില്ല. |
| (ഇ) | സർക്കാരിന്റെ പുതിയ ഉത്തരവനുസരിച്ച് നടത്തിയ ഫിക്സേഷന്റെ ഫലമായി തസ്തിക നഷ്ടപ്പെട്ട സർക്കാർ സ്കൂളുകളിലെ എത്ര അദ്ധ്യാപകർ അദ്ധ്യാപക ബാങ്കിലേയ്ക്ക് മാറ്റപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകാമോ ? | (ഇ) | 2010-11 ലെ തസ്തികനിർണ്ണയം 2011-12 , 2012-13 വർഷങ്ങളിലേക്കും ബാധകമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ യു.ഐ.ഡി അനുസരിച്ചുള്ള അദ്ധ്യാപക തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 29.11.2013 ലെ ജി.ഒ(പി) 313/13/പൊവിവ നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് 11.12.2013 നു മുമ്പായി തസ്തിക നിർണ്ണയം നടത്തുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത (ഡബ്ലിയു.പി(സി) 30107/13) എന്ന കേസിന്റെ ഇടക്കാല വിധിയനുസരിച്ച് തസ്തിക നിർണ്ണയം നടത്തുന്നതിന് കോടതി താല്ക്കാലിക വിലക്കേർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ല. |

സെക്ഷൻഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ജില്ല | എൽ.പി | യു.പി | ഹൈസ്കൂൾ | ആകെ എയ്ഡഡ് സ്കൂളുകൾ |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 172 | 94 | 94 | 360 |
| 2. | കൊല്ലം | 179 | 133 | 126 | 438 |
| 3. | പത്തനംതിട്ട | 235 | 86 | 109 | 430 |
| 4. | ആലപ്പുഴ | 188 | 79 | 128 | 395 |
| 5. | കോട്ടയം | 260 | 128 | 166 | 554 |
| 6. | ഇടുക്കി | 125 | 60 | 70 | 255 |
| 7. | എറണാകുളം | 263 | 99 | 175 | 537 |
| 8. | തൃശ്ശൂർ | 374 | 161 | 148 | 683 |
| 9. | പാലക്കാട് | 344 | 159 | 76 | 579 |
| 10. | മലപ്പുറം | 476 | 220 | 85 | 781 |
| 11. | കോഴിക്കോട് | 525 | 239 | 98 | 862 |
| 12. | വയനാട് | 47 | 39 | 23 | 109 |
| 13. | കണ്ണൂർ | 603 | 280 | 76 | 959 |
| 14 | കാസറഗോഡ് | 112 | 70 | 33 | 215 |
| | ആകെ | 3903 | 1847 | 1407 | 7157 |